# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5313** **27.07.2015-ൽ മറുപടിക്ക്**

## തലശ്ശേരി - വളവുപാറ റോഡിന്റെ നിർമ്മാണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ഇ.പി. ജയരാജൻ | | ശ്രീ. വി.കെ ഇബ്രാഹിം കുഞ്ഞ്<br>പൊതുമരാമത്ത് വകുപ്പ് മന്ത്രി |
| (എ) കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിന്റെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ തലശ്ശേരി-വളവുപാറ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ; | (എ) | കെ.എസ്സ്.ടി.പി രണ്ട് പദ്ധതിയിൽപ്പെടുത്തി ലോകബാങ്ക് ധനസഹായത്തോടെ നിർമ്മാണ പ്രവൃത്തി നടത്തുന്ന തലശ്ശേരി-വളവുപാറ റോഡിന്റെ പ്രവൃത്തി ഏറ്റെടുത്തിരുന്ന M/s SACYR-ESSAR-JV എന്ന കമ്പനി സമയബന്ധിതമായി പണി പൂർത്തിയാക്കുന്നതിൽ വീഴ്ച വരുത്തുകയുണ്ടായി. പണികൾ തുടങ്ങി രണ്ടു വർഷമായെങ്കിലും ആകെ 7% പുരോഗതി മാത്രമേ കമ്പനിക്ക് കൈവരിക്കാൻ കഴിഞ്ഞുള്ളൂ. ആയതിനാൽ പ്രസ്തുത കമ്പനിയുമായുള്ള കരാർ 22.04.2015-ൽ റദ്ദാക്കുകയുണ്ടായി. ഇപ്പോൾ ഈ റോഡ് രണ്ട് റീച്ചുകളായി തിരിച്ച് റീടെണ്ടർ ചെയ്യുന്നതിനുള്ള Bid Documents ലോക ബാങ്കിന്റെ അനുമതിക്കായി അയച്ചിരിക്കുകയാണ്. ഇത് ലഭിക്കുന്ന മുറയ്ക്ക് ഈ പ്രവൃത്തിയുടെ റീടെണ്ടർ വിളിച്ച് നിർമ്മാണ പ്രവൃത്തി പുനരാരംഭിക്കുന്നതാണ്. |
| (ബി) തലശ്ശേരി - വളവുപാറ റോഡിൽ ആകെ എത്ര പാലങ്ങളാണ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്;<br><br>(സി) ഓരോ പാലം നിർമ്മാണവും ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ; | (ബി) & (സി) | ഈ റോഡിൽ ആകെ 7 (ഏഴ്) പാലങ്ങളാണ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്. അതിൽ പ്രവൃത്തി ആരംഭിച്ച പാലങ്ങളുടെ നിർമ്മാണ പുരോഗതി ചുവടെ ചേർക്കുന്നു.<br>1. എരഞ്ഞോളി പാലം - പൈലിംഗ് ജോലികളും 2 പൈൽ ക്യാപ്പും പൂർത്തിയായിട്ടുണ്ട്. കൂടാതെ 7 ഗർഡറുകളുടെ കോൺക്രീറ്റ് പണിയും ഒരു അബഡ്മെന്റും പൂർത്തിയായി. ആകെ 60% പണി പൂർത്തിയായി.<br>2. മെരുവമ്പായി പാലം - പൈലിംഗ് പൂർത്തീകരിച്ചു. 3 പൈൽ ക്യാപ്പുകളും ഒരു അബഡ്മെന്റും പൂർത്തിയായി. ആകെ 50% പണി പൂർത്തിയായി. |

3. കളറോഡ് പാലം - ഒരു അബഡ്മെന്റും ഫൗണ്ടേഷന്റെ 40% പണികളും പൂർത്തിയായി.
4. ഉളിയിൽ പാലം - ഒരു ഫൗണ്ടേഷന്റെ പണി 50% പൂർത്തിയായി.
5. ഇരിട്ടി-11 പൈലുകൾ പൂർത്തിയായിട്ടുണ്ട്

| | | | |
|---|---|---|---|
| (ഡി) | തലശ്ശേരി -വളവുപാറ റോഡ് നിർമ്മാണം എപ്പോൾ പൂർത്തകരിക്കുവാൻ കഴിയു-മെന്ന് വ്യക്തമാക്കുമോ? | (ഡി) | ഡിസംബർ 2015-ൽ പൂർത്തിയാക്കുവാ-നാണ് ഉദ്ദേശിച്ചിരുന്നത്. ഇനി റീടെണ്ടർ ചെയ്യുന്നതിനുള്ള Bid document-ന് ലോകബാങ്കിന്റെ അംഗീകാരം ലഭിച്ചതിനു-ശേഷം 30 മാസംകൊണ്ട് പൂർത്തീകരി-ക്കാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ